(ബി) എങ്കിൽ എയ്ഡഡ് സ്കൂളിലെ ഗസ്റ്റ് അദ്ധ്യാപകരായി നിയമിതരായവർക്കും വേതനം നൽകുന്നതിന് നടപടി സ്വീകരിക്കുമോ ;

(സി) പ്രസ്തുത സ്കൂളുകളിൽ പുതിയ അദ്ധ്യാപക തസ്തികകൾ സൃഷ്ടിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ; വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) എയ്ഡഡ് സ്കൂളിലെ ഗസ്റ്റ് അദ്ധ്യാപകരായി നിയമിതരായവർക്ക് വേതനം നൽകുന്ന വിഷയം പൊതുവിദ്യാഭ്യാസ (ടി) വകുപ്പിന്റെ 48404/ടി2/2015/ പൊ.വി.വ. ഫയലിൽ പരിശോധിച്ചു വരുന്നു.

(സി) 24-11-2014-ലെ സ.ഉ.(കൈ).247/2014/പൊ.വി.വ. സർക്കാർ ഉത്തരവ് പ്രകാരം അനുവദിച്ച് സൃഷ്ടിച്ച/അധിക ബാച്ചുകൾ എന്നിവയിൽ തസ്തിക നിർണ്ണയം നടത്തുന്നതിന്റെ ഭാഗമായി 31-7-2014-ലെ സ.ഉ.(കൈ).143/2014/ പൊ.വി.വ. സർക്കാർ ഉത്തരവിൽ വ്യക്തമാക്കിയിട്ടുള്ള നിർദ്ദിഷ്ട മാനദണ്ഡങ്ങൾ ക്കനുസരിച്ചുള്ള ഭൗതിക സാഹചര്യങ്ങൾ സ്കൂളുകളിൽ ഉണ്ടെന്ന് ഉറപ്പു വരുത്തുന്നതിനായി പരിശോധന നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് ജോയിന്റ് ഡയറക്ടർ (അക്കാദമിക്), ജോയിന്റ് ഡയറക്ടർ (പരീക്ഷാ വിഭാഗം) എന്നിവർ അംഗങ്ങളായി ഒരു ഉന്നതതല സമിതി രൂപീകരിച്ചിട്ടുണ്ട്. ടി സമിതി ഇതു സംബന്ധിച്ച് റിപ്പോർട്ട് ഹയർ സെക്കന്ററി ഡയറക്ടർക്ക് ലഭ്യമാക്കിയശേഷം തസ്തികകൾ സൃഷ്ടിക്കുന്നത് സംബന്ധിച്ച് വ്യക്തമായ ശിപാർശ ഹയർ സെക്കണ്ടറി ഡയറക്ടർ സർക്കാരിന് സമർപ്പിക്കുന്ന മുറയ്ക്ക് ഇതുസംബന്ധിച്ച് ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്.

എച്ച്.എസ്.എ. ഫിസിക്കൽ സയൻസ്

61 (1137) ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2015 സെപ്റ്റംബർ മാസം നടന്ന എച്ച്.എം. പ്രൊമോഷൻ വഴി തിരുവനന്തപുരം ജില്ലയിൽ എച്ച്.എസ്.എ. ഫിസിക്കൽ സയൻസ് തസ്തികയിൽ വന്ന ഒഴിവുകൾ എത്രയെന്ന വിശദമാക്കുമോ ;

(ബി) 2014-15 സ്റ്റാഫ് ഫിക്സേഷൻ നടന്ന ശേഷം 2015 ഒക്ടോബർ 15-ന് പ്രസ്തുത ജില്ലയിലെ സർക്കാർ സ്കൂളുകളിൽ നിലവിലുള്ള അധിക എച്ച്.എസ്.എ. ഫിസിക്കൽ സയൻസ് തസ്തികകൾ എത്രയെന്നുവിശദമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) 2015-16 അദ്ധ്യയന വർഷത്തിൽ പ്രസ്തുത ജില്ലയിലെ സർക്കാർ സ്കൂളുകളിൽ എത്ര പേർക്ക് പി.എസ്.സി. വഴി നിയമനം നൽകിയെന്നുവിശദമാക്കുമോ ;

(ഡി) 2015-16 അദ്ധ്യയന വർഷത്തിൽ സ്റ്റാഫ് ഫിക്സേഷനുശേഷം പ്രസ്തുത ജില്ലയിലെ സർക്കാർ സ്കൂളുകളിൽ അധികം വന്ന (വരാൻ സാധ്യതയുള്ള) എച്ച്.എസ്.എ. ഫിസിക്കൽ സയൻസ് തസ്തികകൾ എത്രയെന്ന വിശദമാക്കുമോ ;

(ഇ) പ്രസ്തുത ജില്ലയിലെ സർക്കാർ സ്കൂളുകളിൽ നിന്നും 2016-17 മാർച്ച്, ഏപ്രിൽ, മേയ് മാസങ്ങളിലായി വിരമിക്കുന്ന എച്ച്.എസ്.എ. ഫിസിക്കൽ സയൻസ് അദ്ധ്യാപകരുടെ എണ്ണം എത്രയെന്നുവിശദമാക്കുമോ ;

(എഫ്) 2015-16 അധ്യയന വർഷത്തിൽ ഹയർ സെക്കണ്ടറി അധ്യാപകരായി ജോലി ലഭിച്ചത് മൂലം പ്രസ്തുത ജില്ലയിലെ എച്ച്.എസ്.എ. ഫിസിക്കൽ സയൻസ് തസ്തികയിൽ നിന്നും അധ്യാപകർ പിരിഞ്ഞ് പോയത് വഴി ഉണ്ടായ ഒഴിവുകൾ എത്രയെന്നുവിശദമാക്കുമോ ;

(ജി) പ്രസ്തുത ജില്ലയിൽ 2015-16 വർഷത്തിൽ പി.എസ്.സി.യിലേക്ക് എച്ച്.എസ്.എ. ഫിസിക്കൽ സയൻസ് തസ്തികയിലുള്ള എത്ര ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും നിലവിലുള്ള ഒഴിവുകൾ ഡി.ഡി. ഓഫീസിൽ നിന്നും കേരള പി.എസ്.സി.-യിലേക്ക് റിപ്പോർട്ട് ചെയ്യുന്നതിനുള്ള സാങ്കേതിക തടസ്സങ്ങൾ എന്തെങ്കിലുമുണ്ടെങ്കിൽ അവ എന്തൊക്കെയാണെന്നും വിശദമാക്കുമോ ?

ഉത്തരം

(എ) 13 (പതിമൂന്ന്).

(ബി) 3 (മൂന്ന്).

(സി) 4 (നാല്) പേർക്ക് നിയമനം നൽകി.

(ഡി) 2015-16 അദ്ധ്യയന വർഷം തസ്തിക നിർണ്ണയം നടന്നിട്ടില്ല. അധികം വരാൻ സാധ്യതയുള്ള അദ്ധ്യാപകരുടെ എണ്ണം കണക്കാക്കി വരുന്നു.

(ഇ) 2016-17 മാർച്ച്, ഏപ്രിൽ, മേയ് മാസങ്ങളിലായി വിരമിക്കുന്ന എച്ച്.എസ്.എ. (ഫിസിക്കൽ സയൻസ്) അദ്ധ്യാപകരുടെ എണ്ണം.

LIBRARY ARCHIVES Kerala Legislative Assembly

2016 മാർച്ച്	-	1
2016 ഏപ്രിൽ	-	1
2016 മേയ്	-	2
2017 മാർച്ച്	-	ഇല്ല
2017 ഏപ്രിൽ	-	1
2017 മേയ്	-	2

(എഫ്) 2 (രണ്ട്).

(ജി) 2015-16 വർഷം പി.എസ്.സി.-യിലേക്ക് എച്ച്.എസ്.എ. (ഫിസിക്കൽ സയൻസ്) ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടില്ല. പി.എസ്.സി. മുഖേന നേരിട്ട് നിയമിതരായവരുടെ എണ്ണം ആകെ കേഡർ സ്ട്രെങ്തിന്റെ അമ്പത് ശതമാനത്തിൽ കൂടുതൽ ആകയാൽ നിലവിലെ ചട്ടപ്രകാരം പി.എസ്.സി.-ക്ക് ഒഴിവുകൾ റിപ്പോർട്ട് ചെയ്യാൻ കഴിയുകയില്ല.

പ്ലസ് ടു കോഴ്സ് അനുവദിച്ച സ്കൂളുകൾ

62 (1138) ശ്രീ. എളമരം കരീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് പ്ലസ് ടു ബാച്ചുകൾ അനുവദിച്ചു കിട്ടിയ അൺ എയ്ഡഡ് പ്ലസ് ടു സ്കൂളുകൾ, ബാച്ചുകൾ എന്നിവ വ്യക്തമാക്കുമോ;

(ബി) മിനിമം വിദ്യാർത്ഥികളോ സൗകര്യങ്ങളോ ഇല്ലാത്തതിനാൽ അംഗീകാരം നഷ്ടമായ സ്കൂളുകളുടെ വിശദാംശം നൽകുമോ;

(സി) എയ്ഡഡ് മേഖലയിൽ പ്ലസ് ടു കോഴ്സ് അനുവദിച്ചു കിട്ടിയ ഹയർ സെക്കണ്ടറി സ്കൂളുകൾ എത്ര; ആകെ എത്ര പ്ലസ് ടു ബാച്ചുകൾ ഉണ്ട്; മിനിമം വിദ്യാർത്ഥികളും, സൗകര്യങ്ങളും ഇല്ലാത്തതുമൂലം എത്ര സ്കൂളുകൾക്ക് അംഗീകാരം നഷ്ടപ്പെടുകയുണ്ടായിട്ടുണ്ട്;

(ഡി) അംഗീകാരത്തിനർഹതയുള്ളതായി കണ്ടെത്തിയ എയ്ഡഡ് ഹയർ സെക്കണ്ടറി സ്കൂളുകളിലെ പ്ലസ് ടു ബാച്ചുകളിലെല്ലാം കൂടി അംഗീകാരത്തിന് അർഹമായ തസ്തികകൾ എത്ര; പ്രസ്തുത തസ്തികകളിൽ ഇതിനകം അംഗീകാരം നല്കിയവ എത്ര; അംഗീകാരത്തിനായി പരിഗണനയിലുള്ള തസ്തികകൾ എത്ര; വിശദമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly